**ഭരണഭാഷ - മാതൃഭാഷ**

**പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : മനോജ് കുമാർ പി വി )**

വിഷയം:- പൊതു വിദ്യാഭ്യാസം - ജീവനക്കാര്യം - അന്തർജില്ലാ സ്ഥലംമാറ്റം - 2023-24 എൽപി എസ് ടി/യു പി എസ് ടി/പി ഡി ടീച്ചർ (മലയാളം) - സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വായന:- 1. സർക്കാർ ഉത്തരവ് (കൈ) നം 120/99/പൊ.വി.വ. തിയതി 25/05/1999.

2. സർക്കാർ ഉത്തരവ് (പി) നം 42/2012/ഉ.ഭ.പ.വ. തിയതി. 23/08/2012

3. സർക്കാർ ഉത്തരവ് (പി) നം 6/2018/പൊ.വി.വ. തിയതി 23/01/2018.

4. സർക്കാർ ഉത്തരവ് (അച്ചടി) നം 27/2021/പൊ.വി.വ. തിയതി 24/12/2021.

5.പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 27.10.2023 തീയ്യതിയിലെ എ1/11483/2023/ഡി.ജി.ഇ.നമ്പർ സർക്കുലർ

6.ഈ കാര്യാലയത്തിലെ 07.12.2023 തിയ്യതിയിലെ ഇതേ നമ്പർ ഉത്തരവ്

7. അദ്ധ്യാപകരുടെ ഓൺലൈൻ അപേക്ഷകൾ

**ഉത്തരവ് നമ്പർ: DDEPKD/ 5492 /2023-A4 തീയതി: 19/12/2023**

പാലക്കാട് റവന്യൂ ജില്ലയിലെ സർക്കാർ സ്കൂളിലേയ്ക്കുള്ള അദ്ധ്യാപകരുടെ 2023-24 വർഷത്തെ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി ലഭിച്ച അപേക്ഷകളിൽ നിന്നും അപേക്ഷകരുടെ സീനിയോറിറ്റി പരിഗണിച്ച് ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന അദ്ധ്യാപകരെ അവരുടെ പേരിനോടൊപ്പം ചേർത്തിരിക്കുന്ന സ്കൂളുകളിലേക്ക് സ്ഥലംമാറ്റം നൽകി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച താഴെപ്പറയുന്ന അദ്ധ്യാപകരുടെ സർവ്വീസ് സീനിയോറിറ്റി പാലക്കാട് ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന തിയതി മുതൽ മാത്രമേ കണക്കാക്കുകയുള്ളൂ. പാലക്കാട് ജില്ലയിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം ടി അദ്ധ്യാപകർ ഈ ജില്ലയിൽ നിയമനം ലഭിക്കുന്ന തസ്തികയിലെ ഏറ്റവും ജൂനിയർ ആയിരിക്കും. അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകരെ വിടുതൽ ചെയ്യുന്നതിനു മുമ്പായി മേൽ സൂചിപ്പിച്ച വിവരം സാക്ഷ്യപ്പെടുത്തിയ അദ്ധ്യാപകരുടെ സത്യപ്രസ്താവന ഓഫീസ് മേധാവി മേലൊപ്പ് ചാർത്തി സേവന പുസ്തകത്തിൽ പതിപ്പിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്. സർക്കാർ ഉത്തരവ് (കൈ) നം. 94/2003/പൊ.വി.വ. തിയതി 23/04/2003 പ്രകാരം പിന്നോക്ക / ദുർഘട മേഖലകളിലേക്ക് സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകർ പ്രസ്തുത മേഖലകളിൽ 5 വർഷം സേവനം പൂർത്തിയാക്കേണ്ടതാണ്. തെറ്റായ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ചതെന്ന് ബോദ്ധ്യപ്പെട്ടാൽ ഈ ഉത്തരവ് പുനഃപരിശോധനക്ക് വിധേയമാക്കുന്നതായിരിക്കും. 23.08.2012ലെ സർക്കാർ ഉത്തരവ് ജി.ഒ (പി) നമ്പർ 42/2012/ഉ.ഭ.പ.വ. പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം ലഭിക്കുന്ന അദ്ധ്യാപകർ ഈ ജില്ലയിൽ ജോലിയിൽ പ്രവേശിച്ച ശേഷം നിരീക്ഷണ കാലയളവ് പുതിയതായി പൂർത്തീകരിക്കേണ്ടതാണ്.

**യു പി എസ് ടി മലയാളം മീഡിയം**

| ക്രമ നമ്പർ | പേരും തസ്തികയും, നിലവിൽ ജോലി ചെയ്യുന്ന സ്കൂളും | സ്ഥലംമാറ്റം നൽകി നിയമിച്ച സ്കൂൾ | അഭിപ്രായക്കുറിപ്പ് |
|---|---|---|---|
| 1 | SARITHA T S, UPST, GHSS PAZHAYANNUR, THRISSUR | G U P S VATTEKKAD (KOLLENKODE SUB DIST) | |
| 2 | BUJAIR K T, UPST, GHSS HEROOR MEEPRY,KASARGOD | GTHS SHOLAYUR (MANNARKKAD SUB DIST) | സേവനത്തിൽ പ്രവേശിച്ച തിയ്യതി 23.01.2023) സർക്കാര് ഉത്തരവ്(കൈ)നം.94/2003/പൊ.വി.വ |

| | | | |
|---|---|---|---|
| | | | തിയ്യതി 23/04.2023 |

**നിലവിൽ സ്ഥലംമാറ്റം അനുവദിച്ച സ്കൂളിലേക്ക് 2023-24 വർഷത്തെ പൊതു സ്ഥല മാറ്റത്തിന് അപേക്ഷകരുണ്ടെങ്കിൽ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് നിലവില് ഒഴിവുള്ള മറ്റ് സ്കൂളിലേക്ക് സ്ഥലം മാറ്റുന്നതാണ്.**

അന്തർജില്ലാ സ്ഥലംമാറ്റം ലഭിച്ച അദ്ധ്യാപകർ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ അനുമതിയോടെ **ഉത്തരവ് തിയ്യതി മുതൽ 14 ദിവസത്തിനുള്ളിൽ വിടുതൽ ചെയ്യേണ്ടതും, സ്ഥലംമാറ്റം ലഭിച്ച സ്കൂളിൽ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്.** അദ്ധ്യാപകരുടെ പ്രവേശന വിവരം ബന്ധപ്പെട്ട പ്രധാന അദ്ധ്യാപകർ യഥാസമയം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

Office of the Deputy Director Education, Palakkad
Date..........

മനോജ് കുമാർ പി വി (പെൻ : 293301)
വിദ്യാഭ്യാസ ഉപഡയറക്ടർ
പാലക്കാട്.

സ്വീകർത്താവ്

1. വിദ്യാഭ്യാസ ഉപഡയറക്ടർ, വയനാട്.
2. ബന്ധപ്പെട്ട പ്രധാന അദ്ധ്യാപകർക്ക്
3. ബന്ധപ്പെട്ട അദ്ധ്യാപകർക്ക്
4. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
5. കരുതൽ ഫയൽ